അവതരണകലയിൽ സൗജന്യ പരിശീലനം

തിരുവനന്തപുരം

ടെലിവിഷൻ പ്രോഗ്രാംസ് പ്രൊമോഷൻ കൗൺസിലിന്റെയും പട്ടം ഗവ. മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെയും നേതൃത്വത്തിൽ ഹൈസ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി അവതരണകലയിൽ ദ്വിദിന സൗജന്യ പരിശീലനം നൽകും. 13നും 14നും പകൽ 9.30 മുതൽ അഞ്ചുവരെയാണ് പരിശീലനം. താൽപ്പര്യമുള്ളവർ പേരും വിലാസവും ഫോട്ടോയും 9895451515 എന്ന വാട്സാപ് നമ്പരിൽ അയക്കണം. ഫോൺ: 7561002962.

വിതുര ഫെസ്റ്റ്

വിതുര

വിതുര മേളയിൽ കൃഷിയും ജീവിതവും പരിപാടി സംഘടിപ്പിച്ചു. വിതുര കൃഷി ഓഫീസർ അനാമിക, അൻവർ, ഡോ. സുരേഷ്, തച്ചങ്കോട് മനോഹരൻ നായർ, സതീശചന്ദ്രൻ നായർ, മണ്ണറ വിജയൻ, കല്ലാർ വിക്രമൻ, വിതുര റഷീദ് എന്നിവർ സംസാരിച്ചു.

അനുശോചിച്ചു

തിരുവനന്തപുരം

യൂണിവേഴ്സിറ്റി കോളേജ് മുൻ പ്രിൻസിപ്പലും മുൻ എംഎൽഎയുമായ പ്രൊഫ. നബീസ ഉമ്മാളിന്റെ വിയോഗത്തിൽ ഡിവൈഎഫ്ഐ അനുശോചനം രേഖപ്പെടുത്തി. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ വേദിയിൽ സംസ്ഥാന കമ്മിറ്റി അംഗം എസ് എസ് നിധിൻ അനുശോചന പ്രമേയം അവതരിപ്പിച്ചു.

കുടുംബധർണ

തിരുവനന്തപുരം

റെയിൽവേ ഒഴിവുകളിൽ പോർട്ടർമാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് വ്യാഴം പകൽ 11ന് തമ്പാനൂർ ആർആർബി ഓഫിസ് പരിസരത്ത് സതേൺ റെയിൽവേ ലൈസൻസ്ഡ് പോർട്ടേഴ്സ് ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ കുടുംബ ധർണ നടത്തും. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി സംസാരിക്കും.

വർണം വിതറി ഡിഇഒ ഓഫീസ്

തിരുവനന്തപുരം

വർണങ്ങളാൽ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ മുഖച്ഛായ മാറ്റി ജില്ലയിലെ കലാ അധ്യാപകർ. പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ച തുക ഉപയോഗിച്ച് ജില്ലയിലെ വിവിധ സ്കൂളുകളിൽനിന്നുള്ള കലാ അധ്യാപകരാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അകവും പുറവും സുന്ദരമാക്കിയത്. കേരളത്തനിമ പ്രതിഫലിക്കുന്ന മനോഹര ചിത്രങ്ങൾ ഓഫിസിന്റെ മതിലിലും ചുവരുകളിലും ആലേഖനം ചെയ്തു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആർ എസ് സുരേഷ് ബാബുവിന്റെ നേതൃത്വത്തിലായിരുന്നു ചിത്രരചന. പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഡിഇഒ ഓഫീസ് പൂർണമായും കംപ്യൂട്ടർവൽക്കരിച്ചിട്ടുമുണ്ട്.

തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ചുവരിൽ അധ്യാപകർ വരച്ച ചിത്രം

മീരാൻ സാഹിബിന്റെ വീട് എം വി ഗോവിന്ദൻ സന്ദർശിച്ചു

വെഞ്ഞാറമൂട്

സിപിഐ എം വെഞ്ഞാറമൂട് മുൻ ഏരിയ സെക്രട്ടറിയും സിഐടിയു നേതാവുമായിരുന്ന അന്തരിച്ച കെ മീരാൻ സാഹിബിന്റെ വീട് സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ സന്ദർശിച്ചു.

സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റംഗം പി കെ ബിജു, ഏരിയ സെക്രട്ടറി ഇ എ സലിം, ഡിവൈഎഫ്ഐ ജില്ലാ വൈസ് പ്രസിഡന്റ് കെ സജീവ്, വാമദേവൻ പിള്ള, വയ്യേറ്റ് അനിൽ, അരവിന്ദ് എന്നിവരും ഒപ്പമുണ്ടായിരുന്നു.

സിപിഐ എം ഏരിയ സെക്രട്ടറിയായിരുന്ന അന്തരിച്ച കെ മീരാൻ സാഹിബിന്റെ കെ മീരാൻ സാഹിബിന്റെ വീട് സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ സന്ദർശിച്ചപ്പോൾ

■ മലയോര ഹൈവേ പാറശാല-കുടപ്പനമൂട് റീച്ച്

നിർമാണം അന്തിമഘട്ടത്തിൽ

സ്വന്തം ലേഖകൻ

വെള്ളറട

മലയോര ഹൈവേയുടെ പാറശാല – കുടപ്പനമൂട് റീച്ചിലെ നിർമാണം പൂർത്തിയാകുന്നു. ടാറിങ് നടപടികൾ അവസാനഘട്ടത്തിലാണ്. പാറശാല മണ്ഡലത്തിൽ പാറശാല– പരുത്തിപ്പള്ളിവരെ 13.5 മീറ്റർ വരെ വീതിയിലാണ് നിർമാണം. 5.5 മീറ്റർ വീതി ഉണ്ടായിരുന്ന റോഡാണ് വീതികൂട്ടി നവീകരിച്ചത്. കിഫ്ബിയിൽനിന്ന് 133 കോടി രൂപ ചെലവിട്ടാണ് നിർമാണം. ആവശ്യമായ സ്ഥലങ്ങളിൽ ഇരുവശങ്ങളിലും നടപ്പാതയും ഓടയും സംരക്ഷണഭിത്തികളും നിർമിച്ചു. ടാറിങ് പൂർത്തിയായാൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളും റോഡ് സുരക്ഷാ സംവിധാനങ്ങളും ഒരുക്കും.

പാറശാല –കുടപ്പനമൂട് റീച്ചിൽ 15.5 കിലോമീറ്ററിനുള്ളിൽ 25 കലുങ്കുകൾ നവീകരിച്ചു. പാറശാല മുതൽ പരുത്തിപ്പള്ളി വരെയുള്ള ഭാഗത്ത് മുഴുവൻ വൈദ്യുത കാലുകളും മാറ്റി സ്ഥാപിച്ചു. വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ പുതുതായി സ്ഥാപിച്ചു. ബിഎസ്എൻഎല്ലിന്റെ ഉൾപ്പെടെ കേബിൾ ലൈനുകളും മാറ്റി. സി കെ ഹരീന്ദ്രൻ എംഎൽഎ ഭൂവുടമകളെ നേരിൽ കണ്ട് ചർച്ച നടത്തിയാണ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കിയത്. കള്ളിക്കാട് മുതൽ പരുത്തിപ്പള്ളി വരെയുള്ള മൂന്നാം റീച്ചിലെ പ്രവൃത്തി നേരത്തേ പൂർത്തീകരിച്ചിരുന്നു.

കുടപ്പനമൂട് മുതൽ കള്ളിക്കാട് വരെയാണ് രണ്ടാംഘട്ടം. ഇവിടത്തെ രണ്ടാം ലെയർ ടാറിങ് പ്രവൃത്തികളും അതിവേഗം പുരോഗമിക്കുകയാണ്. ഈ റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ റീ ടെൻഡർ നടപടികൾ പൂർത്തിയാക്കി. രണ്ടുമാസത്തിനുള്ളിൽ നിർമാണം ആരംഭിക്കും.

രണ്ടാം റീച്ചിലെ പേരേക്കോണം മുതൽ കള്ളിക്കാടുവരെയുള്ള ഭാഗത്തെ പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണെന്ന് സി കെ ഹരീന്ദ്രൻ എംഎൽഎ പറഞ്ഞു.

മലയോര ഹൈവേയുടെ പാറശാല-കുടപ്പനമൂട് റീച്ചിലെ നിർമാണം സി കെ ഹരീന്ദ്രൻ എംഎൽഎ വിലയിരുത്തുന്നു

കുഞ്ഞിനെ വിറ്റ കേസിൽ അമ്മയും അറസ്റ്റിൽ

തിരുവനന്തപുരം

നവജാത ശിശുവിനെ മൂന്നുലക്ഷം രൂപയ്ക്ക് വിറ്റ സംഭവത്തിൽ അമ്മ അറസ്റ്റിൽ. കാഞ്ഞിരംകുളം സ്വദേശി അഞ്ജു(36)വിനെയാണ് മാരായമുട്ടത്തെ വീട്ടിൽനിന്ന് തമ്പാനൂർ പൊലീസ് അറസ്റ്റുചെയ്തത്. കുഞ്ഞിനെ വിറ്റ സംഭവം പുറത്തറിഞ്ഞതോടെ ഇവർ ഒളിവിൽ പോയിരുന്നു. വിൽപ്പനയ്ക്ക് ഇടനിലനിന്ന അഞ്ജുവിന്റെ പങ്കാളി ജിത്തു ശനിയാഴ്ച പൊലീസ് പിടിയിലായിരുന്നു. കേസിലെ ഒന്നാം പ്രതിയാണ് അഞ്ജു.

കുഞ്ഞിനെ വാങ്ങിയ കരമന സ്വദേശിനിയായ ലാലിക്ക് ജില്ലാ കോടതിയുടെ അവധിക്കാല ബഞ്ച് മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. ഇവരെയും ജിത്തുവിനെയും പൊലീസ് നീരിക്ഷിച്ചുവരികയായിരുന്നു. ഇങ്ങനെയാണ് അഞ്ജുവിന്റെ ഒളിത്താവളവും പൊലീസ് കണ്ടെത്തിയത്. അഞ്ജുവിനെ ചോദ്യം ചെയ്താൽ കൂടുതൽ വിവരങ്ങൾ ലഭിക്കുമെന്ന് തമ്പാനൂർ സിഐ പ്രകാശ് പറഞ്ഞു. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പൊലീസ് കേസെടുത്തത്.

ഏപ്രിൽ ഏഴിന് തൈക്കാട് സർക്കാർ ആശുപത്രിയിലായിരുന്നു പ്രസവം. പത്തിനാണ് വിൽപ്പന നടന്നത്. ചൈൽഡ് വെൽഫെയർ കമ്മിറ്റി ഏറ്റെടുത്ത കുഞ്ഞ് നിലവിൽ ശിശുക്ഷേമ സമിതിയുടെ സംരക്ഷണയിലാണുള്ളത്. ഏപ്രിൽ 19നാണ് കുഞ്ഞിനെ ശിശുക്ഷേമ സമിതിക്ക് കൈമാറിയത്.

അറസ്റ്റിലായ അമ്മ അഞ്ജു

യുവധാര ജില്ലാതല യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ പ്രമോദ് പയ്യന്നൂർ ഉദ്ഘാടനം ചെയ്യുന്നു

യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ: ജില്ലാ മത്സരങ്ങൾ ആരംഭിച്ചു

തിരുവനന്തപുരം

യുവധാര ജില്ലാതല യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ യൂണിവേഴ്സിറ്റി കോളേജിൽ പ്രമോദ് പയ്യന്നൂർ ഉദ്ഘാടനം ചെയ്തു. ഡിവൈഎഫ്ഐ ജില്ലാ ട്രഷറർ വി എസ് ശ്യാമ അധ്യക്ഷയായി. ഡിവൈഎഫ്ഐ സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എസ് എസ് നിധിൻ, എ എം അൻസാരി, എൽ എസ് ലിജു, വി എ വിനീഷ്, പ്രതിൻ സാജ് കൃഷ്ണ, ജില്ലാ പ്രസിഡന്റ് വി അനൂപ്, ജില്ലാ സെക്രട്ടറി ഡോ. ഷിജുഖാൻ, സാംസ്കാരിക പ്രവർത്തകരായ പ്രൊഫ. ചായം ധർമരാജൻ, വട്ടപ്പറമ്പിൽ പീതാംബരൻ, എം എസ് കബീർ, വി എസ് ബിന്ദു, ജില്ലാ ജോയിന്റ് സെക്രട്ടറി ഉണ്ണികൃഷ്ണൻ, എസ് ഷാഹിൻ, കെ സജീവ് എന്നിവർ പങ്കെടുത്തു. 19 ബ്ലോക്ക് കേന്ദ്രങ്ങളിലെ കലോത്സവ വിജയികളാണ് ജില്ലാതല മത്സരത്തിൽ പങ്കെടുത്തത്. തിങ്കളാഴ്ച തെരുവുനാടക മത്സരം നടക്കും. മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ ഉദ്ഘാടനം ചെയ്യും. 12, 13, 14 തീയതികളിൽ ഫോർട്ട് കൊച്ചിയിൽ നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ ജില്ലാവിജയികൾ പങ്കെടുക്കും.

മത്സര വിജയികൾ: കവിതാലാപനത്തിൽ ബി എസ് ആരോമൽ (വിളപ്പിൽ), എ എസ് ദേവനന്ദ (നെടുമങ്ങാട്) ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. മലയാളം പ്രസംഗത്തിൽ ജെ എൻ മിഥുൻ (ചാല) ഒന്നാം സ്ഥാനവും ആർ എസ് ശ്രീജിത്ത് (നേമം) രണ്ടാം സ്ഥാനവും നേടി. ക്വിസ് മത്സരത്തിൽ അദ്വൈത് എം പ്രശാന്ത് (വെള്ളറട) ഒന്നാം സ്ഥാനവും, എ എസ് അനീഷ് (വിളപ്പിൽ) രണ്ടാം സ്ഥാനവും നേടി. നാടൻപാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം കൃഷ്ണേന്ദു ആൻഡ് ടീമും (നെടുമങ്ങാട്) രണ്ടാം സ്ഥാനം എസ് ശ്രീജി ആൻഡ് ടീമും (വിതുര) നേടി. മ്യൂസിക് ബാന്റ് വിഭാഗത്തിൽ ആറ്റിങ്ങൽ ഖയാൽ സ്കൂൾ ഓഫ് മ്യൂസിക് ഒന്നാമതെത്തി.

യുവാവിനെ മർദിച്ച് കവർച്ച: ഒരാൾകൂടി പിടിയിൽ

കോവളം

യുവാവിനെ മർദിച്ച് സ്വർണവും പണവും ഫോണും കവർന്ന കേസിൽ ഒരു പ്രതികൂടി പിടിയിലായി. വിഴിഞ്ഞം ടൗൺഷിപ് സ്വദേശി ഹബീബുള്ളയെ (28) യാണ് വിഴിഞ്ഞം എസ്എച്ച്ഒ പ്രജീഷ് ശശി, എസ്ഐ ജി വിനോദ് എന്നിവരുൾപ്പെട്ട സംഘം അറസ്റ്റ് ചെയ്തത്. ഇതോടെ കേസിൽ പിടിയിലായവരുടെ എണ്ണം നാലായി. ഒരാൾകൂടി പിടിയിലാകാനുണ്ടെന്ന് പൊലീസ് പറഞ്ഞു.

ഹബീബുള്ള

കഴിഞ്ഞമാസം ഒമ്പതിന് ആറ്റിങ്ങൽ ഊരുപൊയ്ക് നിവാസി അനൂപിനാണ് മർദനമേറ്റത്. മുഖ്യപ്രതി ബീമാപള്ളി സ്വദേശി ഷാഫി (31), തമിഴ്നാട് കോയമ്പത്തൂർ സ്വദേശി പൂർണിമ (23), വിഴിഞ്ഞം തെന്നൂർക്കോണം പള്ളിത്തുറ പുരയിടത്തിൽ അജിൻ (26) എന്നിവരാണ് നേരത്തേ അറസ്റ്റിലായത്. അനൂപിനെ തെന്നൂർക്കോണത്തെ വീട്ടിലേക്ക് വിളിച്ചുവരുത്തി മർദിച്ച് നഗ്നചിത്രങ്ങളും വിഡിയോയും പകർത്തിയശേഷം പണവും സ്വർണമുൾപ്പെടെ കവർന്നു എന്നാണ് കേസ്.

കോവളം, കന്യാകുമാരി, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ കൊണ്ടുപോയി മർദിച്ച് തിരികെ കോവളത്ത് എത്തിച്ചതിനിടെ അനൂപ് രക്ഷപ്പെട്ട് പൊലീസിൽ അറിയിക്കുകയായിരുന്നു.

വഞ്ചിയൂർ ഭാഗത്തെ ആയുർവേദ സ്പായിലെ ജോലിയുടെ ശമ്പള കുടിശ്ശിക കിട്ടിയില്ലെന്ന പേരിലാണ് ജോലി ഏർപ്പാടാക്കിയ അനൂപിനെ സംഘം മർദിച്ചത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ഗവൺമെന്റ് ഹോസ്റ്റിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി എംപ്ലോയീസ് യൂണിയൻ (സിഐടിയു) ജനറൽ ആശുപത്രി പരിസരത്തു നടത്തിയ മഴക്കാല പൂർവ ശുചീകരണം സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ഉദ്ഘാടനം ചെയ്യുന്നു

ആർജിസിബി വൈറോളജി ഗവേഷണത്തിന് പ്രാധാന്യം നൽകണം

തിരുവനന്തപുരം

കേരളത്തിൽ വൈറോളജി ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്നും ഈ രംഗത്ത് ആർജിസിബി കൂടുതൽ പരിപാടികൾ അടിയന്തിരമായി രൂപകൽപ്പന ചെയ്യണമെന്നും നീതി ആയോഗ് അംഗം ഡോ. വിനോദ്കുമാർ പോൾ പറഞ്ഞു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി)യിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി സയന്റിഫിക് ഇൻഫ്രാസ്ട്രക്ചർ ആക്സസ് ഫോർ ഹാർനെസിങ് അക്കാദമി യൂണിവേഴ്സിറ്റി റിസർച്ച് ജോയിന്റ് കൊളാബറേഷൻ സംവിധാനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ബയോടെക്നോളജിവകുപ്പ് സെക്രട്ടറി ഡോ. രാജേഷ് ഗോഖലേ, ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ, സീനിയർ സയന്റിസ്റ്റ് ഡോ. ടി ആർ സന്തോഷ് കുമാർ, ഡോ. ദേവസേന അനന്തരാമൻ എന്നിവർ സംസാരിച്ചു.

അന്തരിച്ച പ്രൊഫ. നബീസ ഉമ്മാളിന്റെ വീട് സ്പീക്കർ എ എൻ ഷംസീർ സന്ദർശിക്കുന്നു. ടി വി രാജേഷ്, അഡ്വ. ആർ ജയദേവൻ, ഷിജുഖാൻ എന്നിവർ സമീപം

'നെറ്റിപ്പട്ടം കെട്ടിയ' ജീവിത വിജയം

എസ് ഒ ദിനു

കഴക്കൂട്ടം

ഒരു കൗതുകത്തിൽനിന്ന് തുടങ്ങിയ നെറ്റിപ്പട്ട നിർമാണം ജീവിതം മാറ്റിമറിച്ച കഥയാണ് കഴക്കൂട്ടം ആറ്റിൻകുഴി നന്ദനത്തിൽ എസ് സിന്ധു എന്ന വീട്ടമ്മയുടേത്. കണ്ടും കേട്ടും യൂട്യൂബിൽ നോക്കിയും നെറ്റിപ്പട്ട നിർമാണം പഠിച്ചുതുടങ്ങി. ഇപ്പോൾ വിദേശരാജ്യങ്ങളിൽ നിന്നുപോലും സിന്ധുവിന്റെ നെറ്റിപ്പട്ടത്തിന് ആവശ്യക്കാരുണ്ട്.

അലങ്കാരവസ്തുക്കൾകൊണ്ട് തുണിയിലാണ് ആദ്യം നെറ്റിപ്പട്ടം നിർമിച്ചത്. സുഹൃത്തുക്കളും ബന്ധുക്കളും പ്രോത്സാഹിപ്പിച്ചു. സിന്ധുവിന്റെ നെറ്റിപ്പട്ടം സാമൂഹികമാധ്യമങ്ങളിൽ പ്രചരിച്ചതോടെ ചെന്നൈ, ബംഗളൂരു, ഡൽഹി എന്നിവിടങ്ങളിൽ നിന്നും ആവശ്യക്കാരെത്തി. ഇന്ന് കടൽകടന്ന് മലേഷ്യയിൽ നിന്നു ഓസ്ട്രേലിയയിൽനിന്നുമെല്ലാം ആവശ്യക്കാരെത്തുന്നുണ്ടെന്ന് സിന്ധു പറഞ്ഞു.

ആറ് സെൻറിമീറ്റർമുതൽ 5.5 അടിവരെയുള്ള നെറ്റിപ്പട്ടം നിർമിക്കുന്നുണ്ട്. 200 മുതൽ 10,000 രൂപ വരെയാണ് വില. തൃശൂരിൽനിന്നാണ് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത്. ഭർത്താവ് ബിജു, മകൻ അഭിഷേക്, സഹോദരി ബിന്ദു തുടങ്ങിയവരും നെറ്റിപ്പട്ട നിർമാണത്തിൽ സിന്ധുവിന് ഒപ്പമുണ്ട്.

സിന്ധു നെറ്റിപ്പട്ടം നിർമാണത്തിനിടെ

ഗുരുധർമ പ്രചാരണസഭ പൊതുയോഗത്തിൽ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ സംസാരിക്കുന്നു

വിശ്വാസികൾക്കെല്ലാം ക്ഷേത്രപ്രവേശനം അനുവദിക്കണം

വർക്കല

ക്ഷേത്രാചാരങ്ങൾ പാലിക്കുന്നവർക്കും ക്ഷേത്രവിശ്വാസമുള്ളവർക്കും എല്ലാ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലും പ്രവേശനം അനുവദിക്കണമെന്ന് ഗുരുധർമ പ്രചാരണസഭയുടെ 61–ാമത് വാർഷിക പൊതുയോഗം പ്രമേയത്തിലൂടെ സർക്കാരിനോടും ദേവസ്വം ബോർഡുകളോടും ആവശ്യപ്പെട്ടു. പിന്നാക്ക വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള പൂജാരിമാരെ കേരളത്തിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ജാതിയുടെ പേരിൽ തടയുകയാണ്. സുപ്രീം കോടതി വിധിയുണ്ടായിട്ടും ക്ഷേത്രങ്ങളിൽ ജാതിവിവേചനം നിയമനങ്ങളിൽ നിലനിൽക്കുന്നത് നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. യോഗ്യതയുള്ള ആരെയും പൂജാരിമാരായി നിയമിക്കപ്പെടണമെന്നും യോഗം ആവശ്യപ്പെട്ടു.

ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അധ്യക്ഷനായി. ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, സഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി, ജോയിന്റ് സെക്രട്ടറി സ്വാമി വീരേശ്വരാനന്ദ, വൈസ് പ്രസിഡന്റുമാരായ വി കെ മുഹമ്മദ്, അനിൽ തടാലിൽ, രജിസ്ട്രാർ പി എം മധു, പിആർഒ വി കെ ബിജു, ഉപദേശകസമിതി കൺവീനർ കുറിച്ചി സദൻ, ശിവഗിരി മഠം പിആർഒ ഇ എം സോമനാഥൻ, കോ– ഓർഡിനേറ്റർ പുത്തൂർ ശോഭനൻ, ചീഫ് കോ–ഓർഡിനേറ്റർ ടി വി രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ഫുട്ബോൾ സ്റ്റേഡിയം ഒരുങ്ങുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം

തലസ്ഥാന നഗരത്തിലെ ഫുട്ബോൾ പ്രേമികൾക്കുവേണ്ടി കോർപറേഷൻ നിർമിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമാണം പുരോഗമിക്കുന്നു. അമ്പലത്തറ വാർഡിലെ കല്ലടിമുഖത്താണ് അനന്തപുരി ഫുട്ബോൾ സ്റ്റേഡിയം ഒരുങ്ങുന്നത്. അടിത്തറയുടെ നിർമാണമാണ് നടക്കുന്നത്. ഒരുവർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കി നാടിന് സമർപ്പിക്കാനാണ് കോർപറേഷന്റെ ശ്രമം. ഇതോടെ സ്വന്തമായി ഫുട്ബോൾ സ്റ്റേഡിയമുള്ള കോർപറേഷനായി തിരുവനന്തപുരം മാറും.

75 മീറ്റർ നീളത്തിലും 45 മീറ്റർ വീതിയിലുമാണ് സ്റ്റേഡിയം നിർമിക്കുന്നത്. ഗ്രില്ലിന്റെ നിർമാണം ഉടൻ തുടങ്ങും. രണ്ടടിയോളം മണ്ണിട്ട് ഉയർത്തിയാണ് മൈതാനമൊരുക്കുന്നത്.

മഴവെള്ളം വേഗത്തിൽ ഒഴുകിപ്പോകുന്നതിനുള്ള സംവിധാനവും ഒരുക്കും. ഫ്ലഡ് ലൈറ്റ്, കാണികൾക്കുള്ള ഗ്യാലറി, ഡ്രസിങ് റൂം, ടോയ്‌ലെറ്റ്, ഓഫീസ് എന്നിവയും സജ്ജീകരിക്കും. പ്രഭാതസവാരിക്കാർക്കുള്ള സജ്ജീകരണം ഒരുക്കാനും പദ്ധതിയുണ്ട്.

മണിക്കൂർ അനുസരിച്ച് പണം നൽകി ഉപയോഗിക്കുന്ന ടർഫ് കോർട്ടുകൾ എല്ലായിടത്തും വർധിക്കുകയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ലബ്ബുകൾക്ക് പണംനൽകി ഉപയോഗിക്കുന്നതിന് ഇത്തരം ടർഫുകൾ അപ്രാപ്യമാണ്.

നഗരസഭയുടെ സ്റ്റേഡിയം ഇതിന് പരിഹാരമാകുമെന്ന സന്തോഷത്തിലാണ് ഫുട്ബോൾ പ്രേമികൾ.

നിർമാണം പുരോഗമിക്കുന്ന കല്ലടിമുഖത്തെ കോർപറേഷൻ ഫുട്ബോൾ സ്റ്റേഡിയം

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1,50,000/-മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 / 9745177728

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT MG Road, Thrissur - 680004
0487 299 5988
9633 988 988
Send your CV to hr@theproficient.in